ഇറിഗേഷൻ പദ്ധതി.

*152. MR. K. K. CHELLAPPAN PILLAI : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇറിഗേഷൻവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മൈനർ ഇറിഗേഷൻ പദ്ധതികൾ വിപുലപ്പെടുത്തുന്നതിനും നിലവിലിരിക്കുന്നവ ശരിയായരീതിയിലാക്കി സംരക്ഷിക്കുന്നതിനും ഗവണ്മെൻറ് എന്തു നടപടി എടുത്തിട്ടുണ്ട് ?

(ബി) ഇല്ലെങ്കിൽ എന്തെങ്കിലും പരിപാടി ആലോചനയിൽ ഉണ്ടോ ?

HON'BLE MR. V. O. MARKOS : (*a*) The question is not clear. It is not known what the Hon'ble Member means.

(*b*) This does not arise.

ഒരു മൃഗാശുപത്രിയുടെ ആവശ്യം.

*153. MR. K. SARANGADHARAN : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

കുട്ടനാട്ടിൽ ഒരു മൃഗാശുപത്രി ഇല്ലാത്തതുകൊണ്ട് മൃഗങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ കർഷകർ ബുദ്ധിമുട്ടുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : ഇല്ല.

MR. K. SARANGADHARAN : കുട്ടനാട്ടിലെ കന്നുകാലികൾക്ക് സുഖക്കേടു വരുകയില്ലെന്നാണോ ഗവണ്മെൻറിന്റെ അഭിപ്രായം ?

HON'BLE MR. V. O. MARKOS : അങ്ങനെ അഭിപ്രായമില്ല. എന്നാൽ അടുത്തുള്ള സ്ഥലങ്ങളിൽ, അതായതു് ആലപ്പുഴ, കോട്ടയം, തിരുവല്ല, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ മൃഗാശുപത്രികൾ ഉണ്ട്. മങ്കൊമ്പിലും, ചങ്ങനാശേരിയിലും, ചേർത്തലയിലും ഓരോ ഡിസ്പെൻസറിയും ഉണ്ട്.

MR. ABDUL AZIZ (*Trivandrum I—Muslim*) : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ആശുപത്രികളെ സംബന്ധിച്ചുള്ള ഈ ചോദ്യത്തിനു് ഉത്തരം പറയേണ്ടതു് മെഡിക്കൽ വകുപ്പു മന്ത്രിയല്ലേ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. V. O. MARKOS : ഈ ചോദ്യം മൃഗാശുപത്രികളെപ്പറ്റിയുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly